**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4903** **20-03-2025 - ൽ മറുപടിയ്ക്ക്**

**വടകര റസ്റ്റ് ഹൗസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വടകര റസ്റ്റ് ഹൗസിൽ ആകെ എത്ര മുറികളാണ് നിലവിലുള്ളതെന്ന് എ.സി, നോൺ എ.സി., വി.ഐ.പി, സ്യൂട്ട് എന്നിങ്ങനെ തരംതിരിച്ച് വിവരം ലഭ്യമാക്കുമോ; | (എ) | വടകര റസ്റ്റ് ഹൗസിൽ 14 റൂമുകൾ ഉണ്ട്, ഇതിൽ 05 AC റൂമുകളും 09 നോൺ AC റൂമുകളുമാണ്. AC റൂമിൽ 01 VIP റൂം ആണ്, സ്യൂട്ട് റൂം ഇല്ല. |
| (ബി) | എത്ര മുറികളാണ് ഇപ്പോൾ ഉപയോഗയോഗ്യമായിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണമാണ് പൊതു ബുക്കിങ്ങിനായി ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) | 2 റൂമുകളാണ് പൊതുജനങ്ങൾക്ക് ബുക്കിങ്ങിനായി ലഭ്യമാക്കിയിട്ടുള്ളത്. നവീകരണ പ്രവൃത്തി നടക്കുന്നതിനാൽ നിലവിൽ റൂമുകളുടെ ബുക്കിംഗ് അനുവദിക്കുന്നില്ല. |
| (സി) | വടകര റസ്റ്റ് ഹൗസിൽ കിച്ചൺ/ക്യാന്റീൻ പ്രവർത്തിക്കാത്തത് മൂലം സന്ദർശകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ക്യാന്റീൻ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ക്യാന്റീൻ നടത്തിപ്പിന് ആവശ്യമായ ക്വട്ടേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൗൺ എന്ന നിലയിൽ വടകര ടൗണിലെ റസ്റ്റ് ഹൗസ് കെട്ടിടത്തിലെ അറ്റകുറ്റപ്പണികൾ നടത്തി പരമാവധി റൂമുകൾ ഉപയോഗത്തിനായി തുറന്നു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നവീകരണ പ്രവൃത്തികൾ പൂർത്തിയായ ശേഷം റൂമുകൾ പൊതു ബുക്കിങ്ങിനായി തുറന്നു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ